**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3318** **04-08-2021 - ൽ മറുപടിയ്ക്ക്**

**അർഹരായവർക്കെല്ലാം മുൻഗണന കാർഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | **Shri G R Anil**<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അർഹരായ മുഴുവൻ കുടുംബങ്ങൾക്കും ബി.പി.എൽ. മുൻഗണന കാർഡുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/ സിറ്റി റേഷനിംഗ് ഓഫീസുകളിൽ സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ച് നിലവിലുള്ള മാനദണ്ഡപ്രകാരം ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി 30 മാർക്കോ അതിൽ കൂടുതലോ, ലഭിക്കുന്ന കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കി സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി വരുന്നു. സംസ്ഥാനത്തിന് അനുവദനീയമായ മുൻഗണനാ ഒഴിവുകൾ പരിമിതമായതിനാൽ അനർഹരെ കണ്ടെത്തി ഒഴിവാക്കുന്ന മുറയ്ക്ക് മാത്രമേ മേൽപ്പറഞ്ഞ പട്ടികയിൽ നിന്ന് അർഹരെ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ. മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം ഒരു തുടർ പ്രക്രിയയായതിനാൽ അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തുന്ന നടപടികൾ തുടരുന്നതാണ്. മാരകരോഗം ബാധിച്ചവർ, വിധവകൾ (21 വയസ്സിനു മുകളിൽ പ്രായമായ പുരുഷൻമാർ ഇല്ലാത്ത) ഗൃഹനാഥയായ കുടുംബം, നിരാലംബർ എന്നിവർക്ക് മുൻഗണന കാർഡുകൾ അനുവദിക്കുന്നതിന് നിലവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഏതെങ്കിലും ഒഴിവാക്കൽ മാനദണ്ഡങ്ങളിൽപ്പെട്ടിട്ടുണ്ടെങ്കിലും ഭിന്നശേഷി, സാമ്പത്തിക പിന്നോക്കാവസ്ഥ, ശാരീരിക അവശത എന്നിവയിലേതെങ്കിലും കാരണത്താൽ മുൻഗണനയ്ക്ക് അർഹരെന്ന് ബോധ്യപ്പെടുന്ന അപേക്ഷകൾ പരിഗണിച്ച് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് പൊതുവിതരണ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി.പി.ഡി.എസ്. (കൺട്രോൾ) ഓർഡർ, 2021 പ്രകാരം ഭൂരഹിത ഭവന രഹിതർക്ക് റേഷൻകാർഡ് അനുവദിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | മാരകരോഗം ബാധിച്ചവർ, വിധവകൾ, നിരാലംബർ, ഭൂ-ഭവന രഹിതർ എന്നിവർക്ക് മുൻഗണന കാർഡുകൾ അനുവദിക്കുന്നതിനും ഇതിനായുള്ള അപേക്ഷകൾ എല്ലാ കാലത്തും സ്വീകരിക്കുന്നതിനും കാലതാമസം കൂടാതെ ഇവ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (ബി) | ക്ലോസ് (എ) യുടെ ഉത്തരം കണ്ടാലും. |

സെക്ഷൻ ഓഫീസർ